# Refrigeration & Air Conditioning

ജില്ലാ തലത്തിൽ നടക്കുന്ന മത്സരങ്ങളിൽ Refrigeration & Air Conditioning മേഖലയിലെ അടിസ്ഥാനപരമായ വൈദഗ്ധ്യമുള്ള മത്സരാർത്ഥികളെ കണ്ടെത്തുന്നതിനായി നടത്തുന്ന മത്സരങ്ങളിൽ പ്രധാനമായും ബ്രേസിംഗ് സ്കിൽ, വിൻഡോ സ്പ്ലിറ്റ്, ഡക്ടബിൾ എയർ കണ്ടിഷനറുകൾ, വാട്ടർ കൂളറുകൾ ഡീപ്പ് ഫ്രീസറുകൾ എന്നിവയുടെ ട്രബിൾ ഷൂട്ടിംഗ് പ്രവർത്തന തത്വങ്ങൾ, ഘടക ഭാഗങ്ങളുടെ പരിശോധന, വയറിംഗ് സംബന്ധമായ പ്രവർത്തനങ്ങൾ, സിസ്റ്റം പ്രോസസിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മത്സരാർത്ഥികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ (4 മണിക്കൂർ) നിർദ്ദിഷ്ട ടാസ്ക് അതിന്റെ ശരിയായ സീക്വൻസിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരാർത്ഥികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ അവർക്ക് നൽകിയിട്ടുള്ള വർക്ക് അതിന്റെ ശരിയായ ക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തനങ്ങൾ നീരീക്ഷിക്കുന്നതായിരിക്കും. മത്സരം തുടങ്ങുമ്പോൾ തന്നെ മത്സരാർത്ഥികൾക്ക് മാർക്കിംഗ് സീക്വൻസ് സംബന്ധമായ വിവരങ്ങൾ നൽകുകയും സുരക്ഷാ മുൻ കരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതായിരിക്കും. മത്സരാർത്ഥിക്ക് ഒരാഴ്ച മുമ്പ് ചോദ്യ പേപ്പർ നൽകുന്നതായിരിക്കും. കൂടാതെ മത്സരാർത്ഥികൾ മത്സരം ആരംഭിച്ച് തീരുന്നതുവരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

മേഖലാ തല മത്സരങ്ങളിലും, ജില്ലാ തല മത്സരങ്ങൾക്ക് നൽകിയ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ അധികമായി വിൻഡോ സ്പ്ലിറ്റ്, ഡക്ടബിൾ എയർ കണ്ടിഷനറുകൾ, വാട്ടർ കൂളറുകൾ ഡീപ്പ് ഫ്രീസറുകൾ എന്നിവയുടെ റിപ്പയറിംഗ്, , ഇൻസ്റ്റലേഷൻ, കമ്മീഷനിംഗ് പെർഫോമൻസ് ഇവാലുവേഷൻ എന്നീ മേഖലയിലെ വൈദഗ്ധ്യം ആണ് നിരീക്ഷിക്കുന്നത്. മേഖല തല മത്സരം 8 മണിക്കൂർ ദൈർഘ്യം ഉള്ളതായിരിക്കും.

സംസ്ഥാന തല മത്സരങ്ങളിൽ മേഖലാ തല മത്സരങ്ങളിൽ ഉൾപ്പെടുത്തിയ പ്രവർത്തികൾക്കു പുറമെ വിവധ സിസ്റ്റങ്ങളുടെ രൂപ കൽപ്പന, ഹീറ്റ് ലോഡ് കാൽക്കുലേഷൻ എന്നിവയിലുള്ള വൈദഗ്ധ്യവും പരിശോധിക്കുന്നതായിരിക്കും.

ആർ.വി 08.03.18